Series JBB **SET-4**

Code No. 12

Roll No. | | | | | | | | |

Candidates must write the Code on the title page of the answer-book.

	കുറിപ്പ്		NOTE
(I)	ചോദ്യപേപ്പറിൽ അച്ചടിച്ച **8** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.	(I)	Please check that this question paper contains **8** printed pages.
(II)	പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുത്തിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.	(II)	Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
(III)	ചോദ്യപേപ്പറിൽ **7** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.	(III)	Please check that this question paper contains **7** questions.
(IV)	ഉത്തരമെഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.	(IV)	Please write down the Serial Number of the question in the answer-book before attempting it.
(V)	ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.	(V)	15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

മലയാളം
MALAYALAM

അനുവദിച്ച സമയം : 3 മണിക്കൂർ *ആകെ മാർക്ക് : 80*

Time allowed : 3 hours *Maximum Marks : 80*

The question paper is divided into ***four*** sections :

Section A : Reading Comprehension	10 marks
Section B : Writing	14 marks
Section C : Grammar	20 marks
Section D : Literature	36 marks

എ വിഭാഗം / SECTION A

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

പദ്യ സാഹിത്യത്തിലെ ഒരു വിഭാഗമാണ് സന്ദേശകാവ്യങ്ങൾ. പരസ്പരം വേർപിരിഞ്ഞിരിക്കുന്ന നായികാനായകന്മാരിൽ ഒരാൾ ദൂതൻ വഴി തന്റെ സന്ദേശം മറെറാരാൾക്ക് എത്തിക്കുകയാണ് സന്ദേശകാവ്യങ്ങളുടെ രീതി. വാല്മീകിരാമായണത്തിലെ കിഷ്ക്കിന്ധാകാണ്ഡത്തിൽ ശ്രീരാമൻ ഹനുമാന്റെ പക്കൽ സീതയ്ക്കു ദൂതു നൽകുന്നതും, നള-ദമയന്തി കഥയിൽ ദൂതുമായി പോകുന്ന ഹംസവുമെല്ലാം സന്ദേശകാവ്യത്തിന്റെ ആദ്യകാല മാതൃകകളാണ്. സംസ്കൃതത്തിൽ നിന്നു മലയാളത്തിലേയ്ക്കു കടന്നുവന്ന ഒരു സാഹിത്യപ്രസ്ഥാനമാണ് ഇത്. കാളിദാസന്റെ മേഘദൂതിന്റെ അനുകരണങ്ങളായിത്തന്നെയാണ് ഇവ ഭാഷയിൽ പ്രത്യക്ഷപ്പെട്ടത്. കഥാഘടനയിൽ വ്യത്യാസങ്ങളില്ല. നായികാനായകന്മാരും സന്ദേശവാഹകരും വ്യത്യാസപ്പെടുന്നുവെന്നുമാത്രം. പ്രണയപരവശരായ സ്ത്രീപുരുഷന്മാർ വിധിവശാൽ പിരിഞ്ഞിരിക്കേണ്ടി വരിക, വിരഹത്തിൽ ആമഗ്നനായ കാമുകൻ കാമുകിക്ക് ഒരു സന്ദേശം എത്തിക്കുവാൻ ഒരു വസ്തുവിനേയോ വ്യക്തിയേയോ കണ്ടെത്തി തന്റെ സന്ദേശം എത്തിക്കുവാൻ അഭ്യർത്ഥിക്കുക, അങ്ങനെ ഇരുവരുടേയും ഉത്കണ്ഠയ്ക്ക് ശമനം വരുത്തുക – ഇതാണ് സന്ദേശകാവ്യങ്ങളുടെ മൗലിക ഘടന. നായകൻ, നായിക, സന്ദേശവാഹകൻ – ഇവരാണ് മുഖ്യകഥാപാത്രങ്ങൾ. സന്ദേശകാവ്യത്തിന് രണ്ടു ഭാഗങ്ങളുണ്ട് – പൂർവ്വഭാഗവും ഉത്തരഭാഗവും. പൂർവ്വഭാഗത്ത് സന്ദേശം അയയ്ക്കാനുള്ള കാരണം, സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭം, മാർഗ്ഗവിവരണം ഇവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥലവർണന, നായികാവർണന, സന്ദേശം ഇവയും ഉൾപ്പെടുന്നു. മന്ദാക്രാന്താ വൃത്തമാണ് സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കാറുള്ളത്. സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ശൃംഗാരമാണ്. മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള പ്രധാന സന്ദേശകാവ്യങ്ങൾ ഉണ്ണുനീലിസന്ദേശം, ചക്രവാകസന്ദേശം, മയൂരസന്ദേശം, ഭൃംഗസന്ദേശം, ഹംസസന്ദേശം, ദാത്യൂഹസന്ദേശം, കോകിലസന്ദേശം, ഗരുഡസന്ദേശം തുടങ്ങിവയാണ്.

ചോദ്യങ്ങൾ :

(i) സന്ദേശകാവ്യങ്ങളുടെ മൗലികമായ ഘടനയെന്ത് ? *2*

(ii) സന്ദേശകാവ്യങ്ങളുടെ ആദ്യകാല മാതൃകകൾ ഏവ ? *2*

(iii) മലയാളഭാഷയിലുണ്ടായ ഏതാനും സന്ദേശകാവ്യങ്ങളുടെ പേരെഴുതുക. *2*

(iv) സന്ദേശകാവ്യങ്ങൾക്ക് പൊതുവായി എത്ര ഭാഗങ്ങളുണ്ട് ? ഓരോന്നിലും വർണിക്കുന്നതെന്ത് ? *2*

(v) സന്ദേശകാവ്യങ്ങളിലെ അംഗിയായ രസമെന്ത് ? ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. *2*

ബി വിഭാഗം / SECTION B

2. (a) ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.

(i) നഷ്ടപ്പെടുന്ന കാർഷിക സംസ്കാരം

(ii) സ്ത്രീകളുടെ സുരക്ഷ – ഇന്ന്

(iii) നവമാധ്യമങ്ങളും ആധുനിക ലോകവും

(b) നിങ്ങളുടെ നാട്ടിലെ വെള്ളപ്പൊക്കക്കെടുതികൾ വിവരിച്ചുകൊണ്ടും സത്വരസഹായമഭ്യർത്ഥിച്ചുകൊണ്ടും പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലയിൽ ജില്ലാ കലക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക.

സി വിഭാഗം / SECTION C

3. (a) പ്രയോഗം മാറ്റുക. *1×2*

(i) ഒരു മഹൽസന്നിധിയിലെന്ന പോലെ അവൾ ശിരസ്സുക്കുനിച്ചു.

(ii) പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു.

(b) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. *1×2*

(i) ദ്രൗണിയെ കണ്ടറിഞ്ഞു ചാടിയെഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേയ്ക്കും ദ്രൗണി അയാളെ വലിച്ചു താഴെയിട്ടു ചവിട്ടി.

(ii) നീങ്ങുന്ന തീവണ്ടിമുറിയിൽ നിന്നു പുറത്തേയ്ക്കു നോക്കും പോലെ അപരിചിതനായി കണ്ടുണ്ണി നിന്നു.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *1×2=2*

(i) രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവുകൾ തമ്മിൽ പരസ്പരം കൈമാറി.

(ii) ഇനി വിൽക്കാൻ വീട്ടിൽ ആകെ ശേഷിച്ചിട്ടുള്ളത് നാലോ അല്ലെങ്കിൽ അഞ്ചോ മരസ്പൂണുകൾ മാത്രമാണ്.

(d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. *1×2=2*

(i) കടങ്ങൾ

(ii) ആരൊരാൾ

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. *1×2=2*

(i) മൊഴിച്ചന്തം

(ii) പൂരിതാഭ

(f) പര്യായപദങ്ങൾ എഴുതുക. *1×2=2*

(i) സ്വർണം

(ii) കണ്ഠം

(g) നാനാർത്ഥപദങ്ങൾ എഴുതുക. *1×2=2*

(i) കോടി

(ii) അങ്കം

ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) വിപരീതപദം എഴുതുക. *1×2=2*

(i) രഹിതം

(ഹിതം, സഹിതം, അരഹിതം, സുരഹിതം)

(ii) വിയോഗം

(സുയോഗം, യോഗം, സയോഗം, സംയോഗം)

(b) അർത്ഥവ്യത്യാസം എഴുതുക. $\frac{1}{2}\times4$

(i) അനുസൃതം – അനുസ്യൂതം
(അനുസരിച്ച്, ഇടതടവില്ലാതെ, അനുജനോടുകൂടി, അനുസരണയോടെ)

(ii) ആധി – വ്യാധി
(തുടക്കം, ഉത്കണ്ഠ, രോഗം, കോപം)

(c) എതിർലിംഗം എഴുതുക. 1×2

(i) ചപലൻ
(ചപാലി, ചപല, ചപലിക, ചഞ്ചല)

(ii) മാന്ത്രികൻ
(മാന്ത്രിക, മന്ത്രിക, മാന്ത്രിണി, മാന്ത്രി)

ഡി വിഭാഗം / SECTION D

5. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. $\frac{1}{2}\times4$

(a) (i) "ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ മായുകില്ലെന്റെ ചൈതന്യവീചികൾ." ഇത് ആരുടെ വരികളാണ് ?

(വൈലോപ്പിള്ളി ശ്രീധരമേനോൻ, കുമാരനാശാൻ, വയലാർ രാമവർമ്മ, വി. മധുസൂദനൻ നായർ)

(ii) 'അന്യ ജീവനുതകി സ്വജീവിതം ധന്യമാക്കുന്നത് ' ആര് ?

(ശരീരികൾ, വിവേകികൾ, ഭാവശാലികൾ, ദുഃഖിതർ)

(iii) 'സൗമിത്രി' ആര് ?

(ശ്രീരാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ)

(iv) 'കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവ് ' ആര് ?

(വള്ളത്തോൾ, വൈലോപ്പിള്ളി, കുമാരനാശാൻ, വയലാർ)

(b) (i) പെരുമ്പടവം ശ്രീധരന്റേതല്ലാത്ത കൃതി
(വേനലിൽ പൂക്കുന്ന മരം, അഭയം, ഒരു സങ്കീർത്തനം പോലെ, ഖസാക്കിന്റെ ഇതിഹാസം)

(ii) "ഒര് റേഡിയോ വാങ്ങിക്കണം, സുക്വോ." അയാൾ അഭിമാനത്തോടെ പറഞ്ഞപ്പോൾ അത് കേട്ടവരുടെ ഭാവം എന്തായിരുന്നു ?
(ദേഷ്യം, ആദരവ്, പരിഹാസം, അസൂയ)

(iii) "ഇന്ന് ഞാൻ സർവ്വ പാഞ്ചാലരേയും വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും." ഇങ്ങനെ പറഞ്ഞതാര് ?
(യുധിഷ്ഠിരൻ, ദുര്യോധനൻ, അശ്വത്ഥാമാവ്, കൃതവർമ്മാവ്)

(iv) 'കൊച്ചുചക്കരച്ചി' എന്ന ഗദ്യഭാഗമെഴുതിയത്
(പെരുമ്പടവം ശ്രീധരൻ, കുട്ടികൃഷ്ണമാരാർ, ഇ. സന്തോഷ് കുമാർ, എ.പി. ഉദയഭാനു) $\frac{1}{2}\times4=2$

(a) ഉത്തരമെഴുതുക. $4\times3=12$

(i) മലയാളദേശം ഓണത്തെ വരവേൽക്കാൻ ഒരുങ്ങുന്നതെങ്ങനെയെന്ന് 'ഓണമുറ്റത്ത് ' എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

(ii) "അമ്മ തന്നെയാണ് മാതൃഭാഷ." ഈ ആശയം 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയെ ആധാരമാക്കി വിശദീകരിക്കുക.

(iii) "ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം."
സന്ദർഭവും ആശയവും വിവരിക്കുക.

(b) (i) 'യുദ്ധത്തിന്റെ പരിണാമം' എന്ന ലേഖനത്തിലൂടെ തെളിയുന്ന ദ്രൗണിയുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

(ii) "കൊച്ചുചക്കരച്ചിക്കു നൽകുന്ന മാനുഷികഭാവങ്ങളാണ് ആ പാഠത്തെ സുന്ദരമാക്കിത്തീർക്കുന്നത്." വിശദീകരിക്കുക.

(iii) ദുരന്തങ്ങൾക്കിടയിലും ദസ്തവേയ്സ്കിയുടെ മനസ്സിലേയ്ക്ക് കടന്നുവരുന്ന ഹൃദ്യമായ ഓർമ്മകൾ എന്തെല്ലാം ? *4×3=12*

ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക *4×2=8*

(a) ചട്ടമ്പിസ്വാമികളുടെ സന്ദേശം ചുരുക്കി വിവരിക്കുക.

(b) സാംസ്ക്കാരികവും സാമൂഹികവുമായ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികളുടെ പങ്ക് വിവരിക്കുക.

(c) അഴിമതിക്കാരനായ ഉദ്യോഗസ്ഥന് ചട്ടമ്പിസ്വാമികൾ ഉചിതമായ പാഠം നൽകിയതെങ്ങനെയെന്ന് വിവരിക്കുക.